# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 27, ബുധനാഴ്ച

**നമ്പർ 41**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

തിരുവനന്തപുരം നഗരസഭയുടെ വിവിധ സോണൽ ഓഫീസുകളിൽ കെട്ടിട-ഭൂ നികുതിയിനത്തിൽ ലഭിച്ച തുക ബാങ്ക് അക്കൗണ്ടിൽ അടയ്ക്കാതെ തട്ടിയെടുത്തത് നികുതിദായകരിൽ സൃഷ്ടിച്ച ആശങ്കയും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന എൻ.എച്ച്.എം. ജീവനക്കാരുടെ സേവനം തുടരാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തത് സംബന്ധിച്ച് ശ്രീ. എ. സി. മൊയ്തീൻ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. മടങ്ങിയെത്തിയ പ്രവാസികൾക്കായി ഒരു പുനരധിവാസ പാക്കേജ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മഞ്ഞളാംകുഴി അലി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1861/2021(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ലാത്വിയൻ സ്വദേശിനി കൊല ചെയ്യപ്പെട്ട കേസ്സിന്റെ വിചാരണ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം ജില്ലാ ഫയർ ഓഫീസിന് പുതിയ കെട്ടിടം | മുഖ്യമന്ത്രി |
| 3 | ശ്രീ. ടി. ജെ. വിനോദ് | റെയിൽവേ പുറമ്പോക്കിലുള്ള ERG കോളനി നിവാസികളുടെ പുനരധിവാസം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 4 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | കൂട്ടിക്കലിൽ ഉരുൾപൊട്ടൽ മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം | റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. അൻവർ സാദത്ത് | പ്രളയ കാലത്ത് നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി | റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. കെ. രാമചന്ദ്രൻ | മറ്റത്തൂർ, വരന്തരപ്പിള്ളി പഞ്ചായത്തുകളിലെ മലയോര പ്രദേശങ്ങളിലെ വന്യജീവി ആക്രമണം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. ജോയി | വേടൻ ഗോത്ര സമുദായം പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ബൈപ്പാസ് | ധനകാര്യ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | മൃഗങ്ങളെ കൊണ്ടുപോകുന്ന വാഹനങ്ങൾ മൃഗസഞ്ചാര സൗഹൃദമാക്കുന്നതിന് നടപടി | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതിനെതിരെ ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് (SRO നമ്പർ 275/2020) ഭേദഗതി വരുത്തിക്കൊണ്ട് 2020 മേയ് 25-ാം തീയതി വിജ്ഞാപനം ചെയ്ത ഭേദഗതി ചട്ടങ്ങൾ (SRO നമ്പർ 345/2020) നാളിതുവരെ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായില്ലെന്നും മൂലചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് അംഗങ്ങൾ നൽകിയിരുന്ന നോട്ടീസിന്മേൽ 2021 ജൂൺ 10-ാം തീയതിയും 2021 ആഗസ്റ്റ് 4-ാം തീയതിയും സഭയിൽ ചർച്ച നടന്ന വേളകളിൽപ്പോലും മൂലചട്ടങ്ങൾക്ക് സർക്കാർ ഭേദഗതി വരുത്തിയ കാര്യം പരാമർശിക്കുകയുണ്ടായില്ലെന്നും ഇത് അംഗങ്ങളുടെയും സഭയുടെയും അറിയുവാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം (SRO നമ്പർ 345/2020) യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ സംഭവിച്ചുപോയ കാലതാമസം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ബന്ധപ്പെട്ട ചട്ടങ്ങളുടെയും സഭാ കീഴ്വഴക്കങ്ങളുടെയും പശ്ചാത്തലത്തിൽ ചെയർ വളരെ വിശദമായി പരിശോധിക്കുകയുണ്ടായി.

2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത മൂലചട്ടങ്ങൾ കോവിഡ് പശ്ചാത്തലത്തിൽ സഭാ സമ്മേളനങ്ങൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ 2021 ജൂൺ ഒന്നിനാണ് ആദ്യം സഭയുടെ മേശപ്പുറത്തു വയ്ക്കുകയുണ്ടായത്. തുടർന്ന് 23-7-2021-ന് അത് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിന്മേൽ 2021 ജൂൺ 10-ാം തീയതിയും ആഗസ്റ്റ് 4-ാം തീയതിയും അംഗങ്ങൾ ഭേദഗതി നോട്ടീസ് നൽകുകയും അത് സഭ പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂലചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ടും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന കൂടാതെയും

2020 മേയ് 25-ാം തീയതി ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം (SRO നമ്പർ 345/2020) യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതിനാൽ മൂലചട്ടത്തിന് ഭേദഗതി നൽകിയിരുന്ന അംഗങ്ങൾക്കും സഭയ്ക്കാകെയും പ്രസ്തുത ഭേദഗതി ചട്ടങ്ങളെ സംബന്ധിച്ച് ഒരു ധാരണയും ആ സമയം ഉണ്ടായിരുന്നില്ല. അക്കാര്യമാണ് പ്രധാനമായും ക്രമപ്രശ്നം ഉന്നയിച്ച അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്.

സഭാ ചട്ടം 238 (1)-ന്റെ രണ്ടാം ക്ലിപ്പ നിബന്ധന പ്രകാരമുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാവാത്ത സാഹചര്യത്തിലാണ് പ്രസ്തുത ഭേദഗതി ചട്ടം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതെന്ന വാദം നിലനിൽക്കുന്നതല്ല. ഭേദഗതി ചട്ടങ്ങളും മൂലചട്ടങ്ങൾക്കൊപ്പം 2021 ജൂൺ ഒന്നിനും ജൂലൈ 23-നും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. നിയമസഭാ നടപടി ചട്ടം 166 (1)-ൽ ഏതൊരു ചട്ടവും, അത് ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കുശേഷമോ പരിശോധന കൂടാതെയോ, പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഉടൻതന്നെ നിർദ്ദിഷ്ട കാലയളവിലേക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ചട്ടം വളരെ വ്യക്തമാണ്. മൂലനിയമമായ 2010-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) സെക്ഷൻ 129(3)-ലും അപ്രകാരമാണ് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ യാതൊരുവിധ അവ്യക്തതയും ഈ വിഷയത്തിൽ ഉണ്ടാകേണ്ട കാര്യമില്ല. ഇവിടെ പരാമർശിക്കപ്പെട്ട ഭേദഗതി ചട്ടങ്ങൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാമെന്ന ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രസ്താവന സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടാതിരിക്കാൻ കർശനമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം വയ്ക്കുന്നില്ലെന്ന പരാതികൾ ആവർത്തിച്ചാവർത്തിച്ച് സഭാതലത്തിൽ ഉയർന്നു വരുന്ന സാഹചര്യത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് കർശനമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ചെയർ നിർദ്ദേശിക്കുന്നു."

നിയമനിർമ്മാണകാര്യം :

1) 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവയുടെ അവതരണവും അവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയങ്ങളും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

ഡോ. എം. കെ. മുനീർ 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. ടി. വി. ഇബ്രാഹിം നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. ബാബു (നെന്മാറ) ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി യു. പ്രതിഭയും, ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളിയും അവതരിപ്പിച്ച് സംസാരിച്ചു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും, ഡോ. മാത്യു കുഴൽനാടൻ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എൻ. ഷംസുദ്ദീൻ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. സി. വിഷ്ണുനാഥും, ബിൽ ഒരു സെലക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. സുജിത് വിജയൻപിള്ളയും അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എൻ. ഷംസുദ്ദീൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും, ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ജി. എസ്. ജയലാൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. ഉബൈദുള്ള 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എം. വിൻസെന്റ് നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി. കെ. കെ. ശൈലജ ടീച്ചറും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. ബാലചന്ദ്രനും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ചുവടെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു:

1) ശ്രീമതി വീണാ ജോർജ്ജ്, ചെയർപേഴ്സൺ
(ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി)

2) ശ്രീ. എ. പി. അനിൽ കുമാർ

3) ശ്രീ. അനൂപ് ജേക്കബ്

4) ശ്രീ. കെ. ബി. ഗണേഷ് കുമാർ

5) ഡോ. എൻ. ജയരാജ്

6) ശ്രീ. കെ. പി. എ. മജീദ്

7) ശ്രീ. മാത്യു ടി. തോമസ്

8) ശ്രീ. എ. സി. മൊയ്തീൻ

9) ശ്രീ. മോൻസ് ജോസഫ്

10) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

11) ഡോ. സുജിത് വിജയൻപിള്ള

12) ശ്രീ. പി. എസ്. സുപാൽ

13) ശ്രീ. കടകംപള്ളി സുരേന്ദ്രൻ

14) ശ്രീ. ഇ. കെ. വിജയൻ

15) ശ്രീ. പി. സി. വിഷ്ണുനാഥ്,

തുടർന്ന്, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബില്ലുകൾ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2) <u>2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ അവതരണവും, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

ശ്രീ. കെ.പി.എ. മജീദ് 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. അനൂപ് ജേക്കബ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കുറുക്കോളി മൊയ്തീൻ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. വി. അൻവറും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. നജീബ് കാന്തപുരവും അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും, ശ്രീ. രമേശ് ചെന്നിത്തല ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

ചർച്ചയ്ക്കും കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2021 ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 7.35-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Third Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, October 27, 2021*

**No. 41**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms on behalf of the Minister for Local Self Governments, Rural Development and Excise, the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and five other Members regarding the serious situation reported to have arisen consequent on the apprehension created among the tax payers due to the swindling of building and revenue taxes in the various zonal offices of Thiruvananthapuram Corporation.

*Calling Attention* :

1. Shri A. C. Moideen called the attention of the Minister for Health and Woman and Child Development regarding the stand of the Central Government in disallowing the continuance of the services of NHM employees in Covid prevention activities in the State. The Minister made a statement thereto.

2. Shri Manjalamkuzhi Ali called the attention of the Chief Minister to the necessity to implement a rehabilitation package for returned Expatriates. The Minister made a statement thereto.

KNPP. 1861/2021(ii).

The Matters under Rule 304:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ലാത്വിയൻ സ്വദേശിനി കൊല ചെയ്യപ്പെട്ട കേസ്സിന്റെ വിചാരണ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം ജില്ലാ ഫയർ ഓഫീസിന് പുതിയ കെട്ടിടം | മുഖ്യമന്ത്രി |
| 3 | ശ്രീ. ടി. ജെ. വിനോദ് | റെയിൽവേ പുറമ്പോക്കിലുള്ള ERG കോളനി നിവാസികളുടെ പുനരധിവാസം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 4 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | കൂട്ടിക്കലിൽ ഉരുൾപൊട്ടൽ മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം | റവന്യ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. അൻവർ സാദത്ത് | പ്രളയ കാലത്ത് നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി | റവന്യ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. കെ. രാമചന്ദ്രൻ | മറ്റത്തൂർ, വരന്തരപ്പിള്ളി പഞ്ചായത്തുകളിലെ മലയോര പ്രദേശങ്ങളിലെ വന്യജീവി ആക്രമണം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. ജോയി | വേടൻ ഗോത്ര സമുദായം പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ബൈപ്പാസ് | ധനകാര്യ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | മൃഗങ്ങളെ കൊണ്ടുപോകുന്ന വാഹനങ്ങൾ മൃഗസഞ്ചാര സൗഹൃദമാക്കുന്നതിന് നടപടി | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Report*:

The Report of Subject Committee-II on The Kerala Devaswom Recruitment Board (Amendment) Bill, 2021 was presented.

*Ruling of Speaker*:

The Speaker gave the following ruling on a point of order raised by DR. Mathew Kuzhalnadan, regarding the failure to place the Rules amending The Kerala Police Rules, 2020 on the table of the House within the stipulated time-limit.

"2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് (SRO നമ്പർ 275/2020) ഭേദഗതി വരുത്തിക്കൊണ്ട് 2020 മേയ് 25-ാം തീയതി വിജ്ഞാപനം ചെയ്ത ഭേദഗതി ചട്ടങ്ങൾ (SRO നമ്പർ 345/2020) നാളിതുവരെ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായില്ലെന്നും മൂലചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് അംഗങ്ങൾ നൽകിയിരുന്ന നോട്ടീസിന്മേൽ 2021 ജൂൺ 10-ാം തീയതിയും 2021 ആഗസ്റ്റ് 4-ാം തീയതിയും സഭയിൽ ചർച്ച നടന്ന വേളകളിൽപ്പോലും മൂലചട്ടങ്ങൾക്ക് സർക്കാർ ഭേദഗതി വരുത്തിയ കാര്യം പരാമർശിക്കുകയുണ്ടായില്ലെന്നും ഇത് അംഗങ്ങളുടെയും സഭയുടെയും അറിയുവാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം (SRO നമ്പർ 345/2020) യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ സംഭവിച്ചുപോയ കാലതാമസം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ബന്ധപ്പെട്ട ചട്ടങ്ങളുടെയും സഭാ കീഴ്‌വഴക്കങ്ങളുടെയും പശ്ചാത്തലത്തിൽ ചെയർ വളരെ വിശദമായി പരിശോധിക്കുകയുണ്ടായി.

2020 ഏപ്രിൽ 16-ാം തീയതി വിജ്ഞാപനം ചെയ്ത മൂലചട്ടങ്ങൾ കോവിഡ് പശ്ചാത്തലത്തിൽ സഭാ സമ്മേളനങ്ങൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ 2021 ജൂൺ ഒന്നിനാണ് ആദ്യം സഭയുടെ മേശപ്പുറത്തു വയ്ക്കുകയുണ്ടായത്. തുടർന്ന് 23-7-2021-ന് അത് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിന്മേൽ 2021 ജൂൺ 10-ാം തീയതിയും ആഗസ്റ്റ് 4-ാം തീയതിയും അംഗങ്ങൾ ഭേദഗതി നോട്ടീസ് നൽകുകയും അത് സഭ പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂലചട്ടങ്ങൾക്ക് ഭേദഗതി

വരുത്തിക്കൊണ്ടും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന കൂടാതെയും 2020 മേയ് 25-ാം തീയതി ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം (SRO നമ്പർ 345/2020) യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതിനാൽ മൂലചട്ടത്തിന് ഭേദഗതി നൽകിയിരുന്ന അംഗങ്ങൾക്കും സഭയ്ക്കാകെയും പ്രസ്തുത ഭേദഗതി ചട്ടങ്ങളെ സംബന്ധിച്ച് ഒരു ധാരണയും ആ സമയം ഉണ്ടായിരുന്നില്ല. അക്കാര്യമാണ് പ്രധാനമായും ക്രമപ്രശ്നം ഉന്നയിച്ച അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്.

സഭാ ചട്ടം 238 (1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധന പ്രകാരമുള്ള സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാവാത്ത സാഹചര്യത്തിലാണ് പ്രസ്തുത ഭേദഗതി ചട്ടം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നതെന്ന വാദം നിലനിൽക്കുന്നതല്ല. ഭേദഗതി ചട്ടങ്ങളും മൂലചട്ടങ്ങൾക്കൊപ്പം 2021 ജൂൺ ഒന്നിനും ജൂലൈ 23-നും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. നിയമസഭാ നടപടി ചട്ടം 166 (1)-ൽ ഏതൊരു ചട്ടവും, അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കുശേഷമോ പരിശോധന കൂടാതെയോ, പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഉടൻതന്നെ നിർദ്ദിഷ്ട കാലയളവിലേക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ചട്ടം വളരെ വ്യക്തമാണ്. മൂലനിയമമായ 2010-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) സെക്ഷൻ 129(3)-ലും അപ്രകാരമാണ് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ യാതൊരുവിധ അവ്യക്തതയും ഈ വിഷയത്തിൽ ഉണ്ടാകേണ്ട കാര്യമില്ല. ഇവിടെ പരാമർശിക്കപ്പെട്ട ഭേദഗതി ചട്ടങ്ങൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാമെന്ന ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രസ്താവന സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടാതിരിക്കാൻ കർശനമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം വയ്ക്കുന്നില്ലെന്ന പരാതികൾ ആവർത്തിച്ചാവർത്തിച്ച് സഭാതലത്തിൽ ഉയർന്നു വരുന്ന സാഹചര്യത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് കർശനമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ചെയർ നിർദ്ദേശിക്കുന്നു."

*Legislative Business :*

*1) Introduction and motion for reference to Select Committee of The Kerala Public Health Bill, 2021 and Introduction and motion for reference to Subject Committee of The Kerala State Medical Practitioners Bill, 2021 and The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021.*

Smt. Veena George, Minister for Health and Woman and Child Development introduced The Kerala Public Health Bill, 2021, The Kerala State Medical Practitioners Bill, 2021 and The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021 and laid the statements under rule 75(1). Then the Minister moved that The Kerala Public Health Bill, 2021 be referred to a Select Committee and The Kerala State Medical Practitioners Bill, 2021 and The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021 be referred to Subject Committee XII.

Dr. M. K. Muneer moved the ordinance disapproval motion in respect of The Kerala Public Health Bill, 2021 and spoke. Shri T. V. Ibrahim seconded the motion and spoke. Smt. U. Prathibha as authorised by Shri K. Babu (*Nenmara*) moved an amendment to circulate the Bill for eliciting public opinion and Shri Xavier Chittilappilly as authorised by Shri T. I. Mahdhusoodanan moved another amendment for referring the Bill to appropriate Subject Committee and spoke. Prof. Abid Hussain Thangal seconded the amendment to circulate the Bill for eliciting public opinion and spoke. DR. Mathew Kuzhalnadan seconded the amendment for referring the Bill to appropriate Subject Committee and spoke.

Shri Eldose P. Kunnappillil as authorised by Shri C. R. Mahesh moved the ordinance disapproval motion in respect of The Kerala State Medical Practitioners Bill, 2021 and spoke. Shri N. Samsudheen seconded the motion and spoke. Shri P. C. Vishnunadh as authorised by DR. Mathew Kuzhalnadan moved an amendment to circulate the Bill for eliciting public opinion and Dr. Sujith Vijayanpillai as authorised by Shri Xavier Chittilappilly moved another amendment for referring

the Bill to a Select Committee and spoke. Shri N. Samsudheen seconded the amendment to circulate the Bill for eliciting public opinion and spoke. Shri G. S. Jayalal as authorised by Shri C. C. Mukundhan seconded the amendment for referring the Bill to a Select Committee and spoke.

Shri P. Ubaidulla as authorised by Shri Manjalamkuzhi Ali moved the ordinance disapproval motion in respect of The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021 and spoke. Shri M. Vincent seconded the motion and spoke. Smt. K. K. Shailaja Teacher as authorised by Shri G. Steephen moved an amendment to circulate the Bill for eliciting public opinion and Shri P. Balachandran as authorised by Smt. C. K. Asha moved another amendment for referring the Bill to a Select Committee and spoke.

After discussion and reply by the Minister for Health and Woman and Child Development, the ordinance disapproval motions were declared lost. The amendments moved were withdrawn with the leave of the House. Then the Motion for referring The Kerala Public Health Bill, 2021 to a Select Committee was adopted and the Bill was referred to a Select Committee with the following Members:

1) Smt. Veena George, Chairperson
(Minister for Health and Woman and Child Development)

2) Shri A. P. Anil Kumar

3) Shri Anoop Jacob

4) Shri K. B. Ganesh Kumar

5) DR. N. Jayaraj

6) Shri K. P. A. Majeed

7) Shri Mathew T. Thomas

8) Shri A. C. Moideen

9) Shri Mons Joseph

10) Smt. K. K. Shailaja Teacher

11) Dr. Sujith Vijayanpillai

12) Shri P. S. Supal

13) Shri Kadakampally Surendran

14) Shri E. K. Vijayan

15) Shri P. C. Vishnunadh.

Then the Motion for referring The Kerala State Medical Practitioners Bill, 2021 and The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021 to Subject Committee-XII was adopted and the Bills were referred to the Subject Committee-XII.

2) <u>Introduction and motion for reference to Subject Committee of The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Bill, 2021.</u>

Shri V. Abdurahiman, Minister for Sports, Waqf and Haj Pilgrimage introduced The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Bill, 2021 and laid the statement under rule 75(1). Then the Minister moved that the Bill be referred to Subject Committee-IX.

Shri K. P. A. Majeed moved the ordinance disapproval motion in respect of The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Bill, 2021 and spoke. Shri Kurukkoli Moideen as authorised by Shri Anoop Jacob seconded the motion and spoke. Shri P. V. Anwar as authorised by Shri Antony John moved an amendment to circulate the Bill for eliciting public opinion and Shri Najeeb Kanthapuram moved another amendment for referring the Bill to a Select Committee and spoke. Shri E. T. Taison Master as authorised by Shri V. Sasi seconded the amendment to circulate the Bill for eliciting public opinion and spoke. Shri K. Babu (*Thripoonithura*) as authorised by Shri Ramesh Chennithala seconded the amendment for referring the Bill to a Select Committee and spoke.

After discussion and reply by the Minister for Sports, Wakf and Haj Pilgrimage, the ordinance disapproval motion was declared lost. The amendments moved were withdrawn with the leave of the House. Then the Motion for referring The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Bill, 2021 to Subject Committee-IX was adopted and the Bill was referred to the Subject Committee-IX.

The House adjourned at 7.35 p.m. to meet again at 9.00 a.m. on Thursday October 28, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*